6060 / 28/6/14

കേരള സർക്കാർ

<u>സംഗ്രഹം</u>

പരിസ്ഥിതി വകുപ്പ്-സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ അനധികൃത പാറഖനനം നിർത്തൽ ചെയ്യുന്നതിനുള്ള നടപടി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(കൈ) നം.07/14/പരി. തീയതി, തിരുവനന്തപുരം 30.05.2014

പരാമർശം: (1) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 27.02.2012 ലെ എസ് എൽ പി നം.19628-19629/2009 ലെ ഉത്തരവ് (ദീപക് കുമാർ കേസ്)

(2) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 18.05.2012 ലെ എൽ-11011/47/2011-IA(M) നമ്പർ ഓഫീസ് മെമ്മോറാണ്ടം

(3) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 24.06.2013 ലെ എൽ-11011/47/2011-IA(M) നമ്പർ ഓഫീസ് മെമ്മോറാണ്ടം

(4) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ 05.08.2013, 29.08.2013 എന്നീ തീയതികളിൽ O/A.No.171/2013 ൽ പുറപ്പെടുവിച്ച ഉത്തരവുകൾ

(5) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ 26.09.2013 ലെ എം. എ. നം.671/2013 ലെ ഉത്തരവ്

(6) 21.02.2014 ലെ ജി.ഒ.(എം.എസ്) നം.02/14/പരി നമ്പർ സർക്കാർ ഉത്തരവ്

<u>ഉത്തരവ്</u>

പശ്ചിമഘട്ട സംരക്ഷണത്തിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച ഉന്നതതല വർക്കിംഗ് കമ്മിറ്റിയുടെ (കസ്തൂരിരംഗൻ കമ്മിറ്റി) ശുപാർശകൾ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിലും, മുകളിൽ സൂചിപ്പിച്ചിട്ടുള്ള കോടതി വിധികൾ അനുസരിച്ചും, സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ പുതുതായി പാറഖനനം അനുവദനീയമല്ല. നിലവിലുള്ളവ അനുമതി അവസാനിക്കുന്നതുവരെയോ അഞ്ചുവർഷത്തേക്കോ ഏതാണ് ആദ്യം അത്രയും കാലംവരെ പ്രവർത്തിക്കാം. ഇവിടങ്ങളിൽ പാറഖനനത്തിന് പുതിയ പെർമിറ്റോ, ലീസോ അനുവദിക്കാനുമാവില്ല. മറ്റിടങ്ങളിലാകട്ടെ ആറാമതു സൂചിപ്പിച്ച സർക്കാർ ഉത്തരവ് പാലിക്കുകയും വേണം. എന്നാൽ നിയമ വ്യവസ്ഥകളും, പരിസ്ഥിതിലോല പ്രദേശങ്ങളിലെ ഖനന നിരോധനവും കാറ്റിൽപ്പറത്തി യാതൊരുവിധ അനുമതികളും കൂടാതെ തികച്ചും അനധികൃതമായി പാറഖനനം നടക്കുന്നതായി പരാതികളും റിപ്പോർട്ടുകളും ലഭിക്കുന്നുണ്ട്. സർക്കാരിനു ഭീമമായ സാമ്പത്തിക നഷ്ടവും, ലഘുധാതുക്കളുടെ ശോഷണവും ഉണ്ടാകുന്നതു കൂടാതെ പൊതുജനങ്ങൾക്ക് അപകടം ഉൾപ്പെടെ ഉപദ്രവങ്ങളും ഉണ്ടാക്കിയാണ് ഇത്തരം പാറമടകൾ പ്രവർത്തിക്കുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങൾ അല്ലാതെയുള്ള ഇടങ്ങളിൽ അനുവദിക്കുന്നതിലധികം പാറ പൊട്ടിച്ചെടുക്കുന്നതായും പരാതികളുണ്ട്.

2. സർക്കാരിനു റോയൽറ്റി നല്കാതെയും, ചട്ടങ്ങളും, കോടതി വിധികളും അവഗണിച്ചും, ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കിയും പരിസ്ഥിതിനാശം വരുത്തിയും പാറ പൊട്ടിച്ചെടുക്കുന്ന നടപടി കർശനമായി അവസാനിപ്പിക്കേണ്ടതാണ്.

പരിസ്ഥിതിലോല പ്രദേശങ്ങളിൽ പാറഖനനം കേന്ദ്ര സംസ്ഥാന ഉത്തരവുകൾ പ്രകാരമല്ലാതെ നടത്താൻ അനുവദിക്കാവുന്നതുമല്ല. ഈ വ്യവസ്ഥകളും, നിലവിലുള്ള മറ്റെല്ലാ നിയമവ്യവസ്ഥകളും അനുസരിച്ചല്ലാതെ ഒരു പാറമടയും സംസ്ഥാനത്തൊരിടത്തും പ്രവർത്തിക്കാൻ അനുവദിക്കരുതെന്നും, എവിടെയെങ്കിലും അപ്രകാരമല്ലാതെ അനധികൃതമായി പാറഖനനം നടക്കുന്നപക്ഷം, അത് അടച്ചുപൂട്ടി അതുവരെ അനധികൃതമായി ഖനനം നടത്തിയതിനുള്ള പിഴയീടാക്കാൻ വ്യവസ്ഥയുള്ള പക്ഷം, അതും നിയമാനുസൃത ഫീസുകളും ഈടാക്കാനും, എല്ലാ കളക്ടർമാരും മൈനിംഗ് ആന്റ് ജിയോളജി, പഞ്ചായത്ത് വകുപ്പുകളും സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാർക്കും, ബന്ധപ്പെട്ട റവന്യൂ അധികാരികൾക്കും അവരുടെ മജിസ്റ്റീരിയൽ അധികാരം ഉപയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജി.രാജീവ്**
സ്പെഷ്യൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്സ്, തിരുവനന്തപുരം
ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി, തിരുവനന്തപുരം
പോലീസ് ഡയറക്ടർ ജനറൽ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
വ്യവസായ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ വകുപ്പ്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനവും പരിസ്ഥിതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ